വിദേശ മലയാളികൾക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി

268. [327] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് വിദേശത്തുള്ള മലയാളികൾക്കുവേണ്ടി ഒരു ഭവന നിർമ്മാണ പദ്ധതി ആവിഷ്കരിച്ചിരുന്നുവോ ;

(ബി) ഈ പദ്ധതി പ്രകാരം എത്രപേർക്ക് വീട് ഉണ്ടാക്കിക്കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതിയനുസരിച്ച് തിരുവല്ലാ കേന്ദ്രത്തിൽ 38 സെയിൽ പ്ലോട്ടും, കൊച്ചിയിൽ 18 സെയിൽ പ്ലോട്ടും അലോട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം കേന്ദ്രത്തിൽ ഫ്ളാറ്റിനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദേശ ഇന്ത്യാക്കാർക്ക് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന പണ്ഡിറ്റ്സ് കോളനിയിൽ 10 ഫ്ളാറ്റും, പി. ഠി. പി. നഗറിൽ 3 ഫ്ളാറ്റും, കൊച്ചിയിലെ കല്ലൂർ ഭവന നിർമ്മാണ പദ്ധതിയിൽ 52 ഫ്ളാറ്റും, കോഴിക്കോട്ടെ ബിലാത്തിക്കുളത്ത് 5 ഫ്ളാറ്റും, മെഡിക്കൽ കോളേജ് ഹൗസിംഗ് സ്കീമിൽ 16 ഫ്ളോട്ടും, കണ്ണൂർ സെൻറിലെ അപേക്ഷകർക്കായി തോട്ടട ഭവന നിർമ്മാണപദ്ധതിയിൽ രണ്ട് വീടും രണ്ട് പ്ലോട്ടും സംവരണം ചെയ്തിട്ടുണ്ട്. അതനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് അലോട്ടുമെൻറ് നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

ബാലുശ്ശേരി തുടങ്ങിയ പഞ്ചായത്തുകളിൽ ഭവന നിർമ്മാണ വായ്പ നൽകപ്പെട്ടവർ

269. [328] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, പനങ്ങാട്, ഉള്ളിയേരി, അത്തോളി, ഏലത്തൂർ, തലക്കുളത്തൂർ, നൻമണ്ട എന്നീ പഞ്ചായത്തുകളിൽ എത്രപേർക്ക് ഹൗസിംഗ് ബോർഡിൽനിന്നും ഭവന നിർമ്മാണ വായ്പ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

ഹൗസിംഗ് ബോർഡിൻെറ ഭവന നിർമ്മാണ വായ്പാ പദ്ധതികൾ ജില്ലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതുമൂലം പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly